"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - പഞ്ചായത്ത് ഡയറക്ടറേറ്റിലെ സീനിയർ ഗ്രേഡ് ഡ്രൈവർ ശ്രീ. റെജി.ഡി.ബി യ്ക്ക് ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് തസ്തികമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്**

**സ.ഉ.(കൈ) നം.68/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 23/04/2020**

---

പരാമർശം:- 1 ശ്രീ. റെജി.ഡി.ബി യുടെ അപേക്ഷ

2 പഞ്ചായത്ത് ഡയറക്ടറുടെ 24.01.2019, 17.06.2019 തീയതികളിലെ PAN/465/2019/E14(DP) നം. കത്തുകൾ

**ഉത്തരവ്**

പഞ്ചായത്ത് ഡയറക്ടറേറ്റിലെ സീനിയർ ഗ്രേഡ് ഡ്രൈവർ ശ്രീ. റെജി.ഡി.ബി, ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് തസ്തിക മാറ്റ നിയമനം ലഭിക്കുന്നതിന് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചു. ശ്രീ. റെജി.ഡി.ബി ക്യാൻസർ രോഗത്തിന് തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ തുടർ ചികിൽസയിലാണെന്നും കൂടാതെ ടിയാന്റെ കാഴ്ച ശക്തി കുറഞ്ഞ് വരികയാണെന്നും ആയതിന് പ്രിസൈസ് ഹോസ്പിറ്റലിൽ ചികിൽസയിലാണെന്നും നിലവിലെ ആരോഗ്യ സ്ഥിതിയിൽ ടിയാന് ഡ്രൈവിംഗ് ജോലിയിൽ തുടരുന്നതിന് ശാരീരിക ബുദ്ധിമുട്ടുകളുണ്ടെന്നും ആയതിനാൽ ഡ്രൈവർ തസ്തികയിലെ നിലവിലുള്ള അടിസ്ഥാന ശമ്പളം നിലനിർത്തി ടിയാനെ പഞ്ചായത്ത് ഡയറക്ടറേറ്റിലെ 18 ഓഫീസ് അറ്റൻഡന്റ് തസ്തികകളിൽ ഒരെണ്ണത്തിൽ തസ്തികമാറ്റം അനുവദിക്കണമെന്നും അഭ്യർത്ഥിച്ച് ടിയാൻ അപേക്ഷ സമർപ്പിച്ചിരിക്കുന്നതായും ടിയാന്റെ അപേക്ഷ ഒരു പ്രത്യേക കേസായി പരിഗണിക്കുന്നതിന് ശുപാർശ ചെയ്ത് ടി അപേക്ഷ പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയും ചെയ്തു. ശ്രീ. റെജി.ഡി.ബി യുടെ അപേക്ഷയോടൊപ്പം തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ നിന്ന് നൽകിയിട്ടുള്ള 02.01.2019 ലെ സർട്ടിഫിക്കറ്റും ഉള്ളടക്കം ചെയ്തിരുന്നു. തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ മെഡിക്കൽ ബോർഡ് 30.05.2019 തീയതിയിൽ നൽകിയിട്ടുള്ള സാക്ഷ്യപത്രത്തിൽ ശ്രീ. റെജി.ഡി.ബി യ്ക്ക് ശാരീരിക അദ്ധ്വാനം ആവശ്യമുള്ള ജോലികൾ ചെയ്യാൻ കഴിയുകയില്ലായെന്ന് സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.

സർക്കർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ഡയറക്ടറേറ്റിലെ സീനിയർ ഗ്രേഡ് ഡ്രൈവർ ശ്രീ. റെജി.ഡി.ബി യ്ക്ക് ടിയാന്റെ ശാരീരിക അവശതകൾ കണക്കിലെടുത്ത് മാനുഷിക പരിഗണന നൽകി ഒരു പ്രത്യേക കേസായി പരിഗണിച്ച് Rights of Persons with Disabilities Act, 2016 ലെ സെക്ഷൻ 20(1)(4) ലെ വ്യവസ്ഥകൾക്ക് വിധേയമായി കെ.എസ്.ആർ, ഭാഗം 1, ചട്ടം 37(b)

പ്രകാരം ടിയാൻ ഡ്രൈവർ തസ്തികയിൽ വാങ്ങി വന്ന അടിസ്ഥാന ശമ്പളം ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ശമ്പള സ്കെയിലിൽ സംരക്ഷിച്ച് നൽകി കൊണ്ട് ടിയാൻ സേവനമനുഷ്ഠിക്കുന്ന ഡ്രൈവർ തസ്തികയിൽ നിന്ന് ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിലവിലെ ഒഴിവിലേക്ക് തസ്തികമാറ്റം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ ബി**

**ഡെപ്യൂട്ടിസെക്രട്ടറി**

ശ്രീ. റെജി.ഡി.ബി, സീനിയർ ഗ്രേഡ് ഡ്രൈവർ, പഞ്ചായത്ത് ഡയറക്ടറേറ്റ്, തിരുവനന്തപുരം ( പഞ്ചായത്ത് ഡയറക്ടർ മുഖേന )

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ധനകാര്യവകുപ്പ്(11/10/2019 ലെ DEV-1/200/2019-FIN)

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്(13/11/2019ലെ ADV-B2/151/2019/P&ARD)

സാമൂഹ്യനീതി വകുപ്പ്(13/ഡി1/19/സാ.നീ.വ,തീയതി 13/1/2020)

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/27/2019-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Danuja M

സെക്ഷൻ ഓഫീസർ